(1)	(2)	(3)
3	എഫ്.എഫ്.ഡി.എ. വഴി നടപ്പിലാക്കുന്ന ഉൾനാടൻ മത്സ്യകൃഷി	800.00
4	മത്സ്യവിഭവങ്ങളുടെസംരക്ഷണവും പരിപാലനവും	250.00
5	മത്സ്യസമൃദ്ധി	905.00
6	ഡെമോൺസ്ട്രേഷൻ ഫാമുകൾ	50.00
7	പതിമൂന്നാം ധനകാര്യകമ്മീഷൻ, കുട്ടനാട് പാക്കേജ്	471.00
	ആകെ	3276.00

(സി) ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികളും പഞ്ചായത്ത് തലത്തിൽ നിയമിച്ചിട്ടുള്ള അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരും ചേർന്ന് ഒരു സമിതി രൂപീകരിക്കുകയും ടി സമിതി മത്സ്യകർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും സാങ്കേതിക/സാമ്പത്തിക സഹായങ്ങൾ അനുവദിക്കുകയും ചെയ്യുന്നു. പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യക്കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലനത്തിനുമായി മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കൽ, കൃത്രിമ പാരുകൾ നിക്ഷേപിക്കൽ, മത്സ്യ/കൊഞ്ച് നിക്ഷേപം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. അനധികൃത മത്സ്യബന്ധനം തടയുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തി വരുന്നുണ്ട്. ഇതിനുപുറമെ കായൽ പട്രോളിംഗും നടത്തുന്നുണ്ട്. മേൽപറഞ്ഞ പദ്ധതികൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ്

132 (137) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ച് നിർദ്ധനരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണനയിലുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി" പ്രകാരം ഭൂരഹിതരും ഭവനരഹിതരുമായ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിനായി 48.75 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി വലിയതുറ മത്സ്യഗ്രാമത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ അനുവദിച്ച 42.45 സെന്റ് ഭൂമിയിൽ 32 ഫ്ളാറ്റുകൾ തികച്ചും സൗജന്യമായി നിർമ്മിച്ചുനൽകുന്നു. ഫ്ളാറ്റ് നിർമ്മാണം ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. മറ്റു സ്ഥലങ്ങളിൽ ഫ്ളാറ്റ് നിർമ്മിച്ചുനൽകുന്നതിനായി സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

മത്സ്യങ്ങളുടെ വംശനാശം

133 (138) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർച്ചയെത്താത്ത ചെറുമത്സ്യങ്ങളെ സംസ്ഥാനത്തുനിന്നും വൻതോതിൽ തമിഴ്നാട്ടിലേക്ക് കടത്തുന്നതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് മത്സ്യങ്ങളുടെ വംശനാശത്തിനും മത്സ്യസമ്പത്ത് വൻതോതിൽ കുറയുവാനും ഇടയാക്കും എന്ന വസ്തുത കണക്കിലെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിൽ ചെറുമത്സ്യങ്ങളെയും മറ്റും പിടിച്ചാൽ തിരികെ ജലാശയത്തിലേക്ക് തന്നെ തിരികെ അയയ്ക്കണം എന്നതിന് കർശന നിയമവ്യവസ്ഥ നിലവിലുണ്ടോ എന്നും എങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) ചെറുമത്സ്യങ്ങൾ വലയിൽ അകപ്പെട്ടാൽ തിരികെ അയയ്ക്കാത്തവർക്കെതിരെ കർശന ശിക്ഷ ഉറപ്പുവരുത്തുന്നതിന് നിയമത്തിൽ വകുപ്പുകൾ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഇ) മത്സ്യബന്ധനം നടത്തിവരുന്ന ബോട്ടുകളെ പരിശോധനകൾക്ക് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?